न साधुवादो मुनि कोपभर्ज्जिता
നൃപേന്ദ്രപുത്രാ ഇതി സത്ത്വധാമനി
കഥം തമോ രോഷമയം വിഭാവ്യതേ
ജഗത് പവിത്രാത്മനി ഖേ രജോ ഭുവ: **(9–8–13)**
യസ്യേരിതാ സാംഖ്യമയീ ദൃഢേഹ നൌർ
യയാ മുമുക്ഷുസ്തരതേ ദുരത്യയം
ഭവാർണ്ണവം മൃത്യുപഥം വിപശ്ചിത:
പരാത്മഭൂതസ്യ കഥം പൃഥങ്മതി: **(9–8–14)**

*ശുകമുനി തുടർന്നു:*
രോഹിതൻെറ കുലത്തിലാണ് ഭാരുകൻ എന്ന രാജാവിൻെറ ജനനം. അദ്ദേഹം വനവാസത്തിനു പോവുകയും മരിച്ചപ്പോൾ ഭാര്യമാരിലൊരാൾ സതിയനുഷ്ഠിക്കാനൊരുമ്പെടുകയും ചെയ്തു. എന്നാൽ ഔർവ്വമുനി അവളെ തടഞ്ഞു. ഗർഭിണിയായിരുന്നതുകൊണ്ട് സതിയനുഷ്ഠിക്കാൻ മുനി അവളെ അനുവദിച്ചില്ല. സഹഭാര്യമാർ അവൾക്ക് വിഷം കൊടുത്തെങ്കിലും അവൾ മരിച്ചതുമില്ല. അവൾ സാഗരനു (വിഷവുമായി ജനിച്ചവൻ എന്നർത്ഥം) ജൻമം കൊടുത്തു.

സാഗരൻ ചക്രവർത്തിയായി. പലേ രാജാക്കൻമാരേയും തോൽപ്പിച്ചു. സ്വന്തം ആധിപത്യമുറപ്പിക്കാൻ അദ്ദേഹം അശ്വമേധയാഗം നടത്തി. യാഗത്തിൻെറ മുന്നോടിയായി അയച്ചിരുന്ന യാഗാശ്വത്തെ ഇന്ദ്രൻ മോഷ്ടിച്ച് കപിലമുനിയുടെ ആശ്രമപരിസരത്തു വിട്ടു. സാഗരൻെറ അറുപതിനായിരം ആൺമക്കൾ ആശ്രമത്തിൽ യാഗാശ്വത്തെക്കണ്ട് മുനിയെ കള്ളനാണെന്നും കപടധ്യാനത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും തീർച്ചയാക്കി അദ്ദേഹത്തെ കൊല്ലാനൊരുമ്പെട്ടു. എന്നാൽ കപിലഭഗവാൻ കണ്ണുതുറന്ന മാത്രയിൽ സാഗരൻെറ പുത്രൻമാർ എരിഞ്ഞു ചാമ്പലായി. ഈ കുമാരൻമാർ കപിലമുനിയുടെ കോപാഗ്നി യിലെരിഞ്ഞു എന്നു പറയുന്നത് ശരിയല്ല. എങ്ങിനേയാണീ ദുർഗുണം അവിടത്തേക്കുണ്ടാവുന്നത്? സാമീപ്യമാത്രേന പരിശുദ്ധി നൽകുന്ന ഭഗവാനിൽ ക്രോധമുണ്ടാവുന്നതെങ്ങിനെ? എങ്ങിനെയാണ് ദ്വന്ദ്വഭാവം കപിലദേവനിലുണ്ടാവുക? പരമോന്നത വിജ്ഞാനമായ സാംഖ്യം (അദ്വൈതം) ലോകത്തെ പഠിപ്പിച്ച ഭഗവാനിൽ ദ്വൈതഭാവം എങ്ങിനെയു ണ്ടാവാനാണ്? സാഗരൻെറ പുത്രൻമാർ എരിഞ്ഞത് അവരുടെ തന്നെ ദുഷ്ടത കാരണമത്രെ.

സാഗരന് അസമഞ്ജസൻ എന്നൊരു പുത്രൻ കൂടിയുണ്ടായിരുന്നു. അയാളെ ചീത്ത മനുഷ്യൻ എന്നാണ് വിളിച്ചിരുന്നത്. കാരണം അയാളുടെ പ്രവൃത്തികൾ കാഴ്ചക്ക് ചീത്തയായിരുന്നു. ഉദാഹരണത്തിന് അദ്ദേഹം കുട്ടികളെ കളിയായി നദിയിലെറിയും. എന്നാൽ ആളുകൾ ശകാരിക്കുമ്പോൾ തൻെറ യോഗശക്തികൊണ്ട് ശിശുക്കളെ തിരിച്ചു കൊണ്ടുവരികയും ചെയ്യും. അസമഞ്ജസൻെറ പുത്രൻ അംശുമാൻ. അംശുമാനും തൻെറ അമ്മാവൻമാർ പോയതു പോലെ യാഗാശ്വത്തെ തേടി കപിലാശ്രമത്തിൽ ചെന്നു. ഭഗവാനെ വണങ്ങി മുനിയിൽ വിഷ്ണുവിനെ ദർശിച്ച് ഇങ്ങിനെ പ്രാർത്ഥിച്ചു. ദേവൻമാർക്കുപോലും അവിടുത്തെ സത്യം അറിയില്ല. “അവിടുത്തെ യഥാർത്ഥമായ ഭാവം ആർക്കും അറിയുകയുമില്ല. എല്ലാറ്റിലും നിവസിക്കുന്നത് അവിടുന്നാണെങ്കിലും എന്നേപ്പോലെ അജ്ഞനായ ഒരുവൻ എങ്ങിനെയാണ് അവിടുത്തെ മനസ്സിലാക്കുന്നത്? ഞാനങ്ങയെ താണുവീണു നമസ്കരിക്കുന്നു. അവിടുത്തെ ദർശനമൊന്നുകൊണ്ടു മാത്രം അജ്ഞാന ബന്ധനം അകലുന്നു.”

*കപിലദേവൻ പറഞ്ഞു:*
നീ അശ്വത്തെ കൊണ്ടു പൊയ്ക്കൊള്ളുക. അമ്മാവൻമാർ ഗംഗാജലം കൊണ്ട് പുനർജീവിച്ചു കൊള്ളും. അംശുമാൻ യാഗാശ്വവുമായി മടങ്ങി. സാഗരൻ യജ്ഞം നടത്തി ഒടുവിൽ പരമഗതി പൂകി.